# ദേശനഷ്ടത്തിന്റെ സ്ത്രീയാവിഷ്കാരങ്ങൾ

• അളക

*നാടും വീടും ദേശവും വിട്ടുള്ള യാത്ര ആണിനും പെണ്ണിനും ഒരുപോലെയാണ്. ആണും പെണ്ണും ഒരുപോലെ അതിന്റെ ഭാഗവുമാണ്. എന്നിട്ടുമെന്തേ, എഴുത്തിലൂടെ അത് ആവിഷ്കരിക്കാൻ 'അവൾ'ക്കാകാതെ പോയത്....?*

സ്ഥലം ആധുനികകാലത്ത് അധികാരത്തിന്റെ രൂപകങ്ങളിലൊന്നാണ്. പൊതു ഉടമസ്ഥതയിലായിരുന്ന പ്രാചീനകാലത്ത് സ്ഥലത്തിന് അധികാരവുമായി ചാർച്ച ഉണ്ടാവാനിടയില്ല. പ്രാകൃത കമ്യൂണിസം അധികാരമുക്ത സാമൂഹികബന്ധങ്ങളുടെ ലോകമാണല്ലോ. എന്നാൽ ആധുനികതയുടെ സ്ഥലഭാവന അധികാര ബന്ധങ്ങളാൽ നിർണയിക്കപ്പെട്ടതാണ്. ദേശീയത ഇതിന്റെ വിപുലവും വിസ്തൃതവുമായ രൂപമാണ്. ദൈനംദിന ജീവിതത്തിന്റെ ഇത്തിരിവട്ടത്തിനകത്തും സ്ഥലം പ്രവർത്തിക്കുന്നത് അധികാരവുമായി ബന്ധപ്പെട്ടാണ്.

സ്വന്തമായി സ്ഥലമുള്ളവൻ എന്നാൽ അധികാരമുള്ളവൻ എന്നുകൂടിയാണ് വിവക്ഷ. സാമൂഹികജീവിതത്തെ ഗാർഹികം/ഗാർഹികേതരം എന്ന് വിഭജിക്കുന്നതിൽ അധികാരത്തിന്റേതായ ഈ യുക്തി പ്രവർത്തിക്കുന്നുണ്ട്. പെണ്ണിന്റെ സ്ഥലമായി വീട് പരിഗണിക്കപ്പെട്ടപ്പോൾ പൊതുജീവിതത്തിന്റേതായ ഭൂപ്രദേശം അവൾക്ക് നഷ്ടമായി. ആണധികാരത്തിന്റെ സ്ഥലവിന്യാസമാതൃകയാണ് സമൂഹഘടനയിൽ വീട്ടിലേക്കും വീട്ടിനുള്ളിൽ അടുക്കളയിലേക്കും സ്ത്രീയെ പരിമിതപ്പെടുത്തിയത്.  ഗാർഹികജീവിതത്തിന്റേതായ പരിമിതവൃത്തത്തിനകത്ത് അവൾ സ്വന്തം സ്ഥലം സൃഷ്ടിക്കുന്നു. ഓരോ സ്ത്രീയും തന്റേതായ ജീവിതത്തിൽ അനിവാര്യമായും ഒരു വീടുമാറ്റത്തെ അഭിമുഖീകരിക്കുന്നുണ്ട്.  ഈ അർത്ഥത്തിൽ ഓരോ സ്ത്രീയുടെ ഉള്ളിലും ഒരു പ്രവാസി രൂപം കൊള്ളുന്നുണ്ട്. എന്നാൽ പ്രവാസത്തിന്റെ അഗാധമായ അനുഭവങ്ങൾ ദേശനഷ്ടവുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്.  സ്വന്തമായി ദേശമില്ലാത്തവൾക്ക് ദേശനഷ്ടത്തിന്റെ അനുഭവങ്ങൾ അപ്രാപ്യമാണ്.  പ്രവാസത്തിന്റെ ആവിഷ്ക്കാരങ്ങളിൽ സ്ത്രീയുടെ കയ്യൊപ്പ് കാര്യമായി പതിയാതിരുന്നതിന് കാരണം അതാണ്.

നമ്മുടെ ജനപ്രിയ വാരികകളിൽ ഖണ്ഡശ്ശഃ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന നോവലുകളിലൂടെയാണ് പ്രവാസികളായ കഥാപാത്രങ്ങൾ ഒരു കാലത്ത് തങ്ങളുടെ സാന്നിധ്യമറിയിച്ചത്. ഭാവുകത്വത്തിന്റെ ഈ പാർശ്വസ്ഥലിയിൽ വെച്ചാണ് നമ്മുടെ സാഹിത്യം പ്രവാസത്തിന്റെ അനുഭവങ്ങളെ ആദ്യമായി അഭിമുഖീകരിക്കുന്നത്.  ഉപജീവനാർത്ഥം വിദേശത്തെത്തുന്ന പുരുഷന്റെ ലോകമാണ് അവയിൽ കടുംനിറങ്ങളോടെ വിന്യസിക്കപ്പെട്ടത്. ആ പുരുഷന്റെ ജീവിതഗതിയെ നിർണയിച്ചുകൊണ്ട് ഒരു ഭാര്യ/കാമുകി നാട്ടിൽ കഴിയുന്നുണ്ടാവും. സ്ത്രീപുരുഷബന്ധത്തിന്റെ വൈകാരികതലങ്ങളെ തഴുകിയും തലോടിയും പ്രസ്തുത ആഖ്യാനങ്ങൾ മുന്നേറിക്കൊണ്ടിരുന്നു.  വിരഹിണിയായ ഭാര്യ/കാമുകിയുടെ ലൈംഗികതൃഷ്ണകളിലേക്ക് ഒളിഞ്ഞുനോക്കുന്നതിലേക്കാണ് അവയിൽ പലതും എത്തിപ്പെട്ടത്.  അന്യദേശത്ത് പ്രിയപ്പെട്ടവളെ ഓർത്ത് കഴിയുന്ന പുരുഷനും സ്വദേശത്ത് പരപുരുഷനാൽ പ്രലോഭിതയാവുന്ന സ്ത്രീയും -ഏറെ വിപണന സാധ്യതയുള്ള ഒരു ഫോർമുല അങ്ങനെ രൂപം കൊണ്ടു.  അവിടെ ആഖ്യാനം പലപ്പോഴും സ്ത്രൈണ ലൈംഗികതയെ സംബന്ധിച്ച വിപത്



സൂചനകളിലേക്ക് ഗതിമാറി. പ്രവാസത്തിന്റെ സങ്കീർണവും ഗഹനവുമായ അനുഭവരാശി പ്രിയതമയുടെ പാതിവ്രത്യത്തെ മുൻനിർത്തിയുള്ള പുരുഷന്റെ ഉൽകണ്ഠയായി ചുരുങ്ങി. ഈ പരിചരണത്തിലൂടെ പ്രവാസത്തിന്റെ അതിവിപുലമായ സാധ്യതകളെ നമ്മുടെ ജനപ്രിയ സാഹിത്യം കയ്യൊഴിഞ്ഞു.

സ്ഥലത്തിന്റെ രാഷ്ട്രീയ രൂപങ്ങളിലൊന്നാണ് ദേശം. ദേശം എന്ന സംവർഗവുമായി ബന്ധപ്പെട്ടുകൊണ്ടാണ് പ്രവാസത്തിന്റെ സമകാലിക സംഘർഷങ്ങൾ രൂപം കൊള്ളുന്നത്. നമ്മുടെ സാഹിത്യ പാരമ്പര്യത്തിൽ ദേശവുമായി ബന്ധപ്പെടുത്തി പ്രവാസമെന്ന പ്രശ്നത്തെ ആദ്യമായി കൈകാര്യം ചെയ്തത് പട്ടാളക്കഥകളാണ്. കോവിലൻ, പാറപ്പുറത്ത്, നന്തനാർ തുടങ്ങിയവർ അവരുടെ രചനകളിലൂടെ പ്രവാസികളായ കഥാപാത്രങ്ങളെ ആഖ്യാനത്തിന്റെ കേന്ദ്രത്തിലെത്തിലെത്തിച്ചു. പിറന്ന നാടുവിട്ടു ബാരക്കുകളിലേക്ക് കുടിയേറിയവർ പ്രസ്തുത വേർപാടിന്റെ മാനസിക പിരിമുറുക്കം വായനക്കാരിലെത്തിച്ചു. അധികാരം, രാഷ്ട്രം, മാനവികത എന്നിങ്ങനെയുള്ള ഏത് കാലത്തേയും വേട്ടയാടുന്ന പ്രമേയങ്ങളാണ് ഇവരിലൂടെ ആവിഷ്കൃതമായത്. പ്രവാസത്തിന്റെ ഈ ആഖ്യാനങ്ങളിലൊന്നും പക്ഷേ പ്രവാസിയായ ഒരു സ്ത്രീ കടന്നുവന്നില്ല.

പട്ടാളം പുരുഷന്മാരുടെ ലോകമാണ്. ആ ലോകത്തുനിന്ന് ബഹുദൂരം അകന്ന് മോഹിപ്പിക്കുന്ന ഒരു ജന്മദേശമായി സ്ത്രീ നിലകൊണ്ടു. അമ്മയോ ഭാര്യയോ പെങ്ങളോ കാമുകിയോ ഒക്കെയായി പുരുഷന്റെ ജീവിതത്തിലൂടെ അവൾ സ്വന്തം പ്രതിച്ഛായ കണ്ടെടുത്തു. പട്ടാളക്കഥകളിൽ തന്റെ പ്രിയപുത്രനെ കാത്തുനിൽക്കുന്ന ജന്മദേശവുമായി, പുരുഷന്റെ കരസ്പർശമേൽക്കാൻ കൊതിക്കുന്ന സ്ത്രീ സ്വത്വം തന്മയീഭവിച്ചു.

നമ്മുടെ ഭാഷയിൽ പ്രവാസത്തിന്റെ പ്രശ്നങ്ങൾ ശക്തമായി ആവിഷ്കരിക്കപ്പെടുന്നത് ആധുനികാവാദ (Modernism)ത്തിന്റെ കാലത്താണ്. ആധുനികരുടെ രചനകളിൽ പ്രവാസികളും സഞ്ചാരികളും നഗരങ്ങളിലേക്ക് കുടിയേറുന്നവരും അന്യവൽകൃതരും ബഹിഷ്കൃതരുമായ കഥാപാത്രങ്ങളായി സ്ഥാനം പിടിച്ചു. കഥാപാത്രങ്ങളുടെ പ്രവാസജീവിതം കൃതിയുടെ ദർശനത്തേയും ഭാഷയേയും വരെ സ്വാധീനിച്ചു. ഒ.വി. വിജയൻ, എം.മുകുന്ദൻ, ആനന്ദ് എന്നിവരെല്ലാം ഈ ദിശയിൽ ശ്രദ്ധേയരാണ്.

വിജയന്റെ നോവലുകളിൽ പ്രവാസത്തിന്റെ ജീവിതാവസ്ഥകൾക്ക് തത്വചിന്താപരമായ മാനം കൈവരുന്നു. മനുഷ്യജീവിതം അനന്തമായ ഒരു പ്രയാണമാണെന്ന ബോധം അവയുടെ അന്തർധാരയായി വർത്തിക്കുന്നു. കരുണയുടെയും നന്മയുടെയും ആത്യന്തിക മൂല്യങ്ങളിൽ ഊന്നിക്കൊണ്ട്, ദേശത്തിന്റെ അതിർത്തികളിലൂന്നിയ രാഷ്ട്രസങ്കൽപത്തേയും ദേശീയതയുടെ പേരിലുള്ള വിവേചനങ്ങളെയും വിജയന്റെ നോവലുകൾ ശക്തമായി വിമർശിക്കുന്നു. 'രാഷ്ട്രം ബീഭത്സമായ ഒരു മിഥ്യയാണ്' എന്ന് തന്റെ ഒരു കഥാപാത്രത്തെക്കൊണ്ട് അദ്ദേഹം പറയിച്ചു.

മുകുന്ദനിൽ കഥാപാത്രങ്ങളുടെ പ്രവാസം അവരനുഭവിക്കുന്ന അന്യവൽക്കരണത്തിന്റെ അനുബന്ധമാണ്. നോവലുകളുടെ പശ്ചാത്തലത്തെ പൂർണമായും കേരളത്തിന് പുറത്തുള്ള നഗരങ്ങളിലേക്ക് മാറ്റുകയാണ് തന്റെ ചിലകൃതികളിലൂടെ അദ്ദേഹം ചെയ്തത്. സ്ഥലം മുകുന്ദന്റെ നോവലുകളിൽ സംഭവങ്ങളുടെ പശ്ചാത്തലമായി ചുരുങ്ങുകയോ ഒരു അന്വേഷണ വിഷയമായി പരിചരിക്കപ്പെടുകയോ ചെയ്യുന്നില്ല. മറിച്ച് ജീവിതത്തെ രൂപപ്പെടുത്തുന്ന യാഥാർത്ഥ്യം തന്നെയായി കടന്നുവരികയാണ്.

കേരളത്തിന്റെ ഭൂപ്രകൃതിയോ സംസ്കാര സവിശേഷതകളോ ഭാഷയിലെ വാമൊഴി വഴക്കങ്ങളോ ആനന്ദിന്റെ രചനകളിൽ നമുക്ക് കാണാനാവില്ല. മനുഷ്യൻ ആത്യന്തികമായി അഭയാർത്ഥിയാണെന്ന ദർശനമാണ് ആനന്ദിന്റെ കൃതികൾ മുന്നോട്ടുവെക്കുന്നത്. നഗരസംസ്കാരം, അഭയാർത്ഥിത്വം എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ടാണ് അദ്ദേഹത്തിന്റെ രചനകളിലെ പ്രധാന പ്രമേയങ്ങളെല്ലാം കടന്നുവരുന്നത്. ഇതുവഴി ആനന്ദിന്റെ കൃതികൾ പ്രവാസാനുഭവത്തിന്റെ ആഖ്യാനങ്ങളായി മാറുന്നു. പ്രമേയതലത്തിൽ മാത്രമല്ല ഭാഷയിലും ഇതിന്റെ പ്രത്യക്ഷ സൂചനകളുമുണ്ട്.

പക്ഷേ, ആധുനികരുടെ പ്രവാസത്തിൽ നിന്നും സ്ത്രീ ബഹിഷ്കൃതയാണ്. അസ്തിത്വഭാരവും അന്യവൽക്കരണവും ദാർശനികവ്യഥകളുമെല്ലാം പുരുഷന് മാത്രമായി നീക്കിവെക്കപ്പെട്ടു. കലാപത്തിന്റെയും നിഷേധത്തിന്റെയും ഈ 'പുരുഷപക്ഷം' പ്രവാസത്തെയും പുരുഷന്റെ സ്വകാര്യസ്വത്തായി പരിചരിച്ചു. സ്ത്രീ, സ്വദേശിയോ പരദേശിയോ അല്ലാത്ത വെറും ഉടൽ മാത്രമായി.

ആധുനികാനന്തര മലയാളസാഹിത്യം നിരവധി പുതിയ പ്രവണതകളെ ഒരേ സമയം ആശ്ലേഷിക്കുന്നുണ്ട്. പാരിസ്ഥിതികവും ലിംഗപരവുമായ സൂക്ഷ്മാവബോധമാണ് അവയിൽ പ്രധാനം. പുരുഷന്റേതെന്ന് കരുതപ്പെട്ടിരുന്ന ആലോചനാവിഷയങ്ങളിലേക്ക് സ്ത്രീകൾ എത്തിപ്പെടുന്നു. ദേശം ഒരു പുതിയ പരിപ്രേക്ഷ്യത്തിൽ സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നു.

നാടിനെക്കുറിച്ചും മറുനാടിനെക്കുറിച്ചും സ്ത്രീകൾ എഴുതിത്തുടങ്ങുന്നു എന്നതാണ് ശ്രദ്ധേയമായ മാറ്റം. സ്ത്രീ എഴുതുമ്പോൾ നാടിന് പുതിയ ജീവൻ കൈവരുന്നു. പ്രവാസത്തിന്റെ ഗഹനമായ സമസ്യകളിലൂടെയല്ല സരളമായ ജീവിതാനുഭൂതികളിലൂടെയാണ് സമകാലികർ തൂലിക ചലിപ്പിക്കുന്നത്. പുരുഷന്റേത് മാത്രമായിരുന്ന ചരിത്രം എന്നും അങ്ങനെയായിരിക്കില്ല എന്ന സൂചനയാണ് പുതിയ എഴുത്തുകൾ നമുക്ക് നൽകുന്നത്.